നിർദ്ദേശിക്കുകയും ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ പിൻതാങ്ങുകയും ശ്രീ. ടി. എം. ജേക്കബ് നിർദ്ദേശിക്കുകയും ശ്രീ. എ. പി. അനിൽകുമാർ പിൻതാങ്ങുകയും ശ്രീ. വക്കം പുരുഷോത്തമൻ നിർദ്ദശിക്കുകയും ശ്രീ. അടൂർ പ്രകാശ് പിൻതാങ്ങുകയും ചെയ്തിട്ടുള്ളതാണ് പത്രികകൾ. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ സ്പീക്കർ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭ രഹസ്യ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ശ്രീ. എ. കെ. ബാലന്റെ പേര് ആദ്യത്തേതായും ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ പേര് രണ്ടാമത്തേതായും അച്ചടിച്ചിട്ടുണ്ട്. നിയമസഭാംഗങ്ങൾ തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥികളുടെ പേരിനെതിരെ ഒരു ഗുണന ചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഗുണനചിഹ്നമല്ലാതെ മറ്റടയാളത്തിൽ വോട്ട് രേഖപ്പെടുത്തിയാൽ പ്രസ്തുത ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്. ഗുണനചിഹ്നം മറന്നുപോകരുത്. നിയമസഭാംഗങ്ങളുടെ പേര് സെക്രട്ടറി ഇപ്പോൾ വിളിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അദ്ധ്യക്ഷവേദിക്കു സമീപം വന്ന് ഏതെങ്കിലും ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരില്ലാത്ത അംഗങ്ങൾക്ക് പോളിംഗ് അവസാനിച്ചതായി പ്രഖ്യാപിക്കുന്നതിനു മുമ്പ് സഭയിൽ ഹാജരാകുന്നപക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്. .....

..... (ബഹളം) .....

II ക്രമപ്രശ്നം

ശ്രീ. ടി. കെ. ദേവകുമാർ: സർ, ...

(ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: ..... (ബഹളം) എനിക്കറിയാമല്ലോ. ഞാനിവിടെ ഇരിക്കുകയല്ലേ .....(ബഹളം).....ഇങ്ങനെ ബഹളമുണ്ടാക്കുന്നതെന്തിനാണ്?

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഇന്ന് ഈ സഭ സമ്മേളിക്കുന്നതിന് കാര്യവിവരപ്പട്ടികയിൽ പറഞ്ഞിരിക്കുന്നത് സ്പീക്കറുടെ തെരഞ്ഞെടുപ്പെന്നാണ്. ഇപ്പോൾ ഞങ്ങളിവിടെ കാണുന്നത് മുഖ്യമന്ത്രിയുടെ കസേരയിൽ, ശ്രീ. എ. കെ. ആന്റണിയുടെ സ്ഥാനത്ത് ശ്രീ. ഉമ്മൻ ചാണ്ടി ഇരിക്കുന്നു. സഭാ നേതാവായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. കെ. ആന്റണിയെ ഇന്ന് ഈ സഭയിൽ കാണുന്നുമില്ല. .....(ബഹളം). റൂൾ 64-ൽ പറയുന്നത് രാജി വച്ച ഒരു മന്ത്രിക്ക് പ്രസ്താവന നടത്താൻ അവസരം കൊടുക്കണമെന്നാണ്. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നത്തെ അജണ്ട സ്പീക്കറുടെ തെരഞ്ഞെടുപ്പാണ് പത്രിക നൽകിയിട്ടുമുണ്ട്. ഈ ക്രമപ്രശ്നം അനുവദിക്കാവുന്നതല്ല. .....(ബഹളം)..... ഇന്നത്തെ കാര്യപരിപാടി നമ്മളെല്ലാവരും അംഗീകരിച്ചതാണ്. പ്ലീസ് .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇവിടെ ചില മാറ്റങ്ങൾ വന്നതു സംബന്ധിച്ച് ഔദ്യോഗികമായി അംഗങ്ങളെ അറിയിച്ചിട്ടില്ല എന്ന സത്യം നിലനിൽക്കുകയാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി സ്ഥാനത്തു നിന്ന് പോയി. ഈ സഭയ്ക്ക് എന്തെങ്കിലും അവിശ്വാസം ഉണ്ടായിട്ടല്ല പോയത്. പുതിയ ഒരാൾ വന്നു. അതുപോലെതന്നെ ബഹുമാനപ്പെട്ട സ്പീക്കർ അദ്ദേഹം മന്ത്രിമാരെക്കാൾ ഉയർന്നതാണെന്ന് പറയുകയും താഴെയിരിക്കുകയും ചെയ്യുന്നു. ഇങ്ങനെയൊക്കെ വന്ന മാറ്റത്തെ സംബന്ധിച്ച് ഔദ്യോഗികമായി ഞങ്ങളെ അറിയിക്കേണ്ടതല്ലേ? അതൊന്നും ഉണ്ടായില്ല എന്നുള്ളത് ബഹുമാനപ്പെട്ട ഒരംഗം ചൂണ്ടിക്കാണിച്ചപ്പോൾ ഒച്ചയിട്ട് അദ്ദേഹത്തെ പറയാൻ സമ്മതിക്കാതെ തടസ്സപ്പെടുത്തുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ അദ്ദേഹത്തിന് സംരക്ഷണം നൽകേണ്ടതാണ്. അതും ഉണ്ടായില്ല. എന്താണ് വസ്തുതയെന്ന് ഞങ്ങളെ അറിയിക്കണ്ടേ? ഞങ്ങളും അംഗങ്ങളല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ ക്രമപ്രശ്നമൊന്നും നിലനിൽക്കുന്നതല്ല. ഇലക്ഷൻ ആരംഭിക്കുന്നു.....(ബഹളം).....ചട്ടപ്രകാരം മുഖ്യമന്ത്രി ആണ് സഭാനേതാവ്.....(ബഹളം).....സെക്രട്ടറി പ്ലീസ്,

(വോട്ടെടുപ്പ് നടത്തി)

(തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരൻ, ശ്രീ. എ. കെ. ആന്റണി, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീമതി മേഴ്സി രവി, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി, ശ്രീ. ജോണി നെല്ലൂർ എന്നീ അംഗങ്ങൾ സഭയിൽ ഹാജരായിരുന്നില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ.....ഓർഡർ. പോളിംഗ് അവസാനിച്ചിരിക്കുന്നു. ഓരോ സ്ഥാനാർത്ഥിയുടേയും പ്രതിനിധിയായി ഓരോ അംഗത്തിന് അദ്ധ്യക്ഷവേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്.

(സ്ഥാനാർത്ഥികളുടെ ഏജന്റുമാരായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ. രാധാകൃഷ്ണൻ, എന്നീ അംഗങ്ങളുടെ നേതൃത്വത്തിൽ വോട്ടെണ്ണൽ നടത്തി.)

തെരഞ്ഞെടുപ്പിന്റെ ഫലം ഇപ്പോൾ പ്രഖ്യാപിക്കുന്നതാണ്. ശ്രീ. എ. കെ. ബാലന് 39 വോട്ടും, ശ്രീ. തേറമ്പിൽ രാമകൃഷ്ണന് 94 വോട്ടും കിട്ടിയിരിക്കുന്നു. ശ്രീ. തേറമ്പിൽ രാമകൃഷ്ണനെ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തതായി ഞാൻ പ്രഖ്യാപിക്കുകയാണ്. അദ്ദേഹത്തെ അനുമോദിക്കുകയും അദ്ദേഹത്തിന് സകല വിജയങ്ങളും ആശംസിക്കുകയും ചെയ്തുകൊണ്ട് നിയമസഭാ സ്പീക്കറുടെ സ്ഥാനം ഏറ്റെടുക്കാൻ ഞാൻ അദ്ദേഹത്തെ ക്ഷണിച്ചുകൊള്ളുന്നു.

നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. തേറമ്പിൽ രാമകൃഷ്ണനെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും ചേർന്ന് അദ്ധ്യക്ഷവേദിയിലേക്കാനയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.

LIBRARY ARCHIVES Kerala Legislative Assembly